പുരുഷോത്തര യുഗവും ക്രിസ്തീയ സഭകളിലെ അധികാര വ്യവസ്ഥയും

ഫാ. ഡോ. കെ.എം. ജോർജ്ജ്

മതയാഥാസ്ഥിതികരേയും ഉൽപ്പതിഷ്ണുക്കളേയും ഒരു പോലെ അമ്പരിപ്പിച്ച കന്യാസ്ത്രീ സമരത്തെ, അതിന് പ്രത്യക്ഷ ലൈംഗികാതിക്രമ വിവാദത്തിന്റെ ന്യായാന്യായങ്ങളിൽ മാത്രം ഒതുക്കാതെ ക്രിസ്തീയ സഭകളുടെ ഔദ്യോഗിക തലങ്ങളിൽ നൂറ്റാണ്ടുക ളായി നിലനിന്നിരുന്ന പുരുഷാധിപത്യ വ്യവസ്ഥയ്ക്ക് എതിരെയുള്ള ഐതിഹാസികമായ ഒരു സ്ത്രീ മുന്നേറ്റം എന്ന നിലയിൽ കാണാവുന്നതാണ്

ചോദ്യം: "വ്യഭിചാരക്കുറ്റം ആരോപിച്ച് ക്രിസ്തുവിന് മുൻപിൽ പ്രമാണിമാർ ഹാജരാക്കിയ സ്ത്രീയെ മാത്രം എന്തിനാണ് കല്ലെറിയുന്നത്? അവളുടെ പങ്കാളികളായ പുരുഷന്മാരെ എന്തുകൊണ്ടാണ് നിയമപ്രമാണം കുറ്റപ്പെടുത്താത്തത്?"

ഉത്തരം: "കാരണം, നിയമങ്ങൾ ഉണ്ടാക്കിയത് പുരുഷന്മാരാണ്."

ഈ ചോദ്യവും ഉത്തരവും നാസിയാൻസിലെ ഗ്രിഗോറിയൻസിന്റേതാണ്. ക്രി.പി. നാലാം നൂറ്റാണ്ടിൽ ഏഷ്യാ മൈനറിലെ കപ്പഡോഷ്യയിൽ ജീവിച്ചിരുന്ന പ്രസിദ്ധനായ ക്രിസ്തീയ ദൈവശാസ്ത്ര പണ്ഡിതനാണ് നാസിയാൻസിലെ ഗ്രീഗോറിയോസ്. കിഴക്കും പടിഞ്ഞാറുമുള്ള പുരാതന ക്രിസ്തീയ സഭകളിൽ ഒരുപോലെ സർവ്വസമ്മതനായ വേദഗുരുവും കവിയും പ്രഭാഷകനുമായിരുന്ന ഗ്രീഗോറിയോസ്. വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ട് ക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവന്ന സ്ത്രീയെക്കുറിച്ച് ബൈബിളിലുള്ള ഭാഗം വ്യാഖ്യാനിക്കവെയാണ് അദ്ദേഹം ഈ ചോദ്യോത്തരങ്ങൾ നൽകിയത്.

നമ്മുടെ ലോകം പുരുഷോത്തര യുഗ (PostMale / PostAndric age) ത്തിലേക്ക് പ്രവേശിച്ചിട്ട് നാളേറെയായി. ഫ്രെഞ്ച് എഴുത്തുകാരിയും സാർത്രിന്റെ കൂട്ടാളിയുമായിരുന്ന സിമോൻ ദ് ബോവ്വാറിന്റെ പ്രശസ്തമായ 'സെക്കൻഡ് സെക്സ്' പ്രസിദ്ധീകരിച്ചിട്ട് ഏഴ് ദശാബ്ദങ്ങളാകുന്നു. അതിനും എത്രയോ മുൻപ് സ്ത്രീ സമത്വത്തിനും സ്ത്രീകളുടെ വോട്ടവകാശത്തിനും വേണ്ടിയുള്ള രചനകളും പ്രസ്ഥാനങ്ങളും അമേരിക്കയിൽ തുടങ്ങിയിരുന്നു. പക്ഷേ, അത്തരം സ്ത്രീ മുന്നേറ്റങ്ങളുടെ വിപ്ലവജ്വാലകൾ ചില പ്രത്യേക ബൗദ്ധിക കേന്ദ്രങ്ങളിൽ ഒതുങ്ങിയതല്ലാതെ യൂറോപ്പിനെപ്പോലും കാര്യമായി പ്രകാശിപ്പിച്ചില്ല. മുഖ്യധാരാ രാഷ്ട്രീയമത വ്യവസ്ഥകൾ ആൺകോയ്മയുടെ കൊത്തളങ്ങളിൽ സുരക്ഷിതമായി തുടർന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ വൻകെടുതികളിൽനിന്ന് കരകയറാൻ ആഞ്ഞ് ശ്രമിച്ചുകൊണ്ടിരുന്ന പാശ്ചാത്യ ജനത, തങ്ങളുടെ മതസാംസ്കാരിക സൗധങ്ങളുടെ തൂണുകൾ ഇളകിത്തുടങ്ങിയെന്ന് അൽപ്പമെങ്കിലും തിരിച്ചറിഞ്ഞത് 1960-കളുടെ അവസാനമുണ്ടായ വിദ്യാർത്ഥി യുവജന പ്രക്ഷോഭങ്ങളിലാണ്.

സൊർബോൺ പോലുള്ള സർവ്വകലാശാലകളിൽ ഇടതുപക്ഷ ചിന്തകരുടെ പിന്തുണയോടെ അരങ്ങേറിയ വിദ്യാർത്ഥി സമരങ്ങൾ അക്കാദമിയുടേയും മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും അധികാരക്രമത്തെ ചോദ്യം ചെയ്തു. നിലവിലിരുന്ന അധികാര ഹയരാർക്കികളെ സാധൂകരിക്കുന്ന ബൗദ്ധിക കേന്ദ്രങ്ങൾ എന്ന നിലയിലാണ് യൂണിവേഴ്സിറ്റികൾ വിമർശന വിധേയമായത്. സ്യൂട്ടും ടൈയുമണിഞ്ഞ് പഠിപ്പിക്കാൻ വന്ന സൊർബോണിലെ ഒരു പ്രൊഫസറെ തലയിൽ ചവറ്റുകൊട്ട കമഴ്ത്തിയാണ് വിദ്യാർത്ഥികൾ എതിരേറ്റത്. കത്തോലിക്കാ സഭയുടെ മൂത്ത പുത്രി എന്ന വിളിക്കപ്പെടുന്ന ഫ്രാൻസിന്റെ തലസ്ഥാന നഗരിയായ പാരീസിൽ സമരകാലത്ത് ളോഹയിട്ട് പുരോഹിതന്മാർക്ക് പുറത്തിറങ്ങാൻ കഴിയുമായിരുന്നില്ല. 'ദൈവവുമില്ല, ഗുരുവുമില്ല' (Ni Dieu Ni Maitre) എന്ന ചുവരെഴുത്ത് പിന്നീട് വളരെ കാലം പാരീസിലെ തെരുവുഭിത്തികളിൽ തെളിഞ്ഞുനിന്നു.

സ്ത്രീ സമരങ്ങളുടെ വിവക്ഷകൾ

കേരളത്തിൽ ഒരു നൂറ്റാണ്ടിലധികമായി അരങ്ങേറിയ സ്ത്രീസമരങ്ങൾക്കെല്ലാം പ്രത്യേക ലക്ഷ്യങ്ങളുണ്ടായിരുന്നെങ്കിലും അവയെല്ലാം ഒരു പ്രതിഷേധത്തിൽ നിന്നുണ്ടായതാണ്. പുരുഷാധിപത്യ വ്യവസ്ഥയോടും അതിൽനിന്ന് ഉരുത്തിരിഞ്ഞ സ്ത്രീ വിവേചനപരമായ ആചാരങ്ങളോടും നിയമങ്ങളോടുമുള്ള കടുത്ത പ്രതിഷേധമായിരുന്നു അത്.

കേരളത്തിലെ മതയാഥാസ്ഥിതികരേയും ഉൽപ്പതിഷ്ണുക്കളേയും തുടക്കത്തിൽ ഒരുപോലെ അമ്പരിപ്പിച്ച കന്യാസ്ത്രീ സമരത്തെ, അതിന് പ്രത്യക്ഷ കാരണമായ ഒരു ലൈംഗികാതിക്രമ വിവാദത്തിന്റെ ന്യായാന്യായങ്ങളിൽ മാത്രം ഒതുക്കാതെ (അത് കോടതിക്ക് വിട്ടുകൊടുക്കാം), ക്രിസ്തീയ സഭകളുടെ ഔദ്യോഗിക തലങ്ങളിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പുരുഷാധിപത്യ വ്യവസ്ഥയ്ക്ക് എതിരെയുള്ള ഐതിഹാസികമായ ഒരു സ്ത്രീ മുന്നേറ്റം എന്ന നിലയിൽക്കൂടി കാണാവുന്നതാണ്. അതിന്റെ പ്രഹരശേഷിയുടെ പ്രതീകാത്മകത തിരിച്ചറിഞ്ഞ് ഗൗരവമായ പുനർവിചിന്തനത്തിനും അഴിച്ചുപണികൾക്കും ക്രിസ്തീയ സഭാ കേന്ദ്രങ്ങൾ തയ്യാറായാൽ വലിയ സാമൂഹിക പരിവർത്തനത്തിന് അത് വഴിതെളിച്ചേക്കും. ഒറ്റപ്പെട്ട ചില വ്യക്തികളുടെ ധാർമ്മികത, അച്ചടക്കം

എന്നീ വിഷയങ്ങളിൽ അത് പരിമിതപ്പെടുത്താതെ, പൊതുസമൂഹത്തിൽ നീതി, സ്ത്രീപുരുഷ സമത്വം, കാരുണ്യം, സാഹോദര്യം, സുതാര്യമായ അധികാര ബന്ധങ്ങൾ എന്നിവ മാനദണ്ഡങ്ങളായി എടുക്കാവുന്നതാണ്.

പ്രബലമായ ക്രിസ്തീയ സഭകളിൽ നിലവിലുള്ള ഉന്നത പൗരോഹിത്യാധികാരത്തെ സഭകൾ തന്നെ പുനഃപരിശോധിക്കാനിടയായാൽ, ആദ്യവും അവസാനവുമായി നോക്കേണ്ടത് യേശുക്രിസ്തു പഠിപ്പിച്ചതും കാണിച്ചുതന്നതുമായ അധികാര സങ്കൽപ്പം എന്തായിരുന്നു എന്നതാണ്. ലളിതമായ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ:

സേവിക്കപ്പെടാനല്ല സേവിക്കാൻ: യേശുവിന് മുപ്പത് വയസ്സായപ്പോൾ തന്റെ പരസ്യ പ്രവർത്തനത്തിന് നാന്ദികുറിച്ചുകൊണ്ട് ഉണ്ടായ മൂന്ന് പരീക്ഷകളിൽ ഒന്ന് ലോകത്തെ മുഴുവൻ തന്റെ കാൽക്കീഴിലാക്കി അതിന്മേൽ സർവ്വാധിപതിയായി വാഴാനുള്ള പ്രലോഭനമായിരുന്നു. സാത്താൻ എന്ന് സുവിശേഷങ്ങൾ വിശേഷിപ്പിക്കുന്ന പരീക്ഷകന്റെ ഒരേയൊരു വ്യവസ്ഥ, തന്നെ കുമ്പിട്ട് നമസ്കരിച്ചാൽ ഭൂമിയിലെ സകല രാജ്യങ്ങളും യേശുവിന് നൽകാമെന്നതായിരുന്നു. സർവ്വശക്തനായ ദൈവത്തെയല്ലാതെ മറ്റാരെയും മറ്റൊന്നിനേയും ആരാധിക്കരുത് എന്ന വേദവാക്യം ഉദ്ധരിച്ച് ക്രിസ്തു മറുപടി കൊടുത്തു. അവിടെത്തുടങ്ങി കുരിശിലെ മരണത്തോളം പരീക്ഷകൻ വിടാതെ ക്രിസ്തുവിനെ അനുധാവനം ചെയ്തു. ക്രിസ്തുവിന് സാധാരണ ജനങ്ങളിൽ നിന്ന് ലഭിച്ച അംഗീകാരമെല്ലാം ചൂണ്ടിക്കാട്ടി, രാഷ്ട്രീയാധികാരം പിടിച്ചെടുത്ത് രാജാവായി വാഴാൻ പലരും ക്രിസ്തുവിനെ പ്രേരിപ്പിക്കുന്നുണ്ട്. തന്റെ സ്വന്തം ശിഷ്യന്മാരിൽ ചിലർ പോലും ആ കെണിയിൽ വീഴുന്നുണ്ട്. അവരിൽ രണ്ട് പേർ ചെന്ന്, യേശു മഹാരാജാവായി മഹത്വത്തിൽ സിംഹാസനാരൂഢനാകുമ്പോൾ ഇടത്തും വലത്തുമുള്ള സ്ഥാനങ്ങൾ തങ്ങൾക്ക് നൽകണമെന്നാവശ്യപ്പെടുന്നു. ദസ്തയേവ്സ്കിയുടെ 'കാരമസോവ് സഹോദരന്മാ'രിൽ, ജയിലിൽ കിടക്കുന്ന യേശുവിനെ സന്ദർശിക്കുന്ന ഗ്രാൻഡ് ഇൻക്വിസിറ്ററുടെ കഥ പ്രസിദ്ധമാണല്ലോ. സാത്താന്റെ മൂന്ന് പരീക്ഷകൾക്കും യേശു വഴങ്ങാഞ്ഞത് വിഡ്ഢിത്തമായിരുന്നു എന്നാണ് അയാൾ പറയുന്നത്. എത്ര മഹത്തായ അധികാരവും ശക്തിയുമാണ് ക്രിസ്തു നഷ്ടപ്പെടുത്തിയത്.

ശിഷ്യന്മാർ തമ്മിൽ തങ്ങളിൽ ആരാണ് വലിയവൻ എന്നൊരു തർക്കമുണ്ടാവുന്നു. അപ്പോഴാണ് ക്രിസ്തു നിഷ്കളങ്കനായ ഒരു പൈതലിനെ എടുത്ത് മാറോടണച്ച് പറഞ്ഞത്, നിങ്ങൾ മനം തിരിഞ്ഞ് ഈ ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമുണ്ടാവുകയില്ല.

തന്റെ സ്വന്തം മതത്തിന്റെ പ്രമാണിമാരും പുരോഹിതന്മാരും തന്നെ വിസ്തരിക്കുകയും പീഡിപ്പിച്ച് കൊല്ലുകയും ചെയ്യും എന്ന് പ്രവാചകന്റെ ഉൾക്കാഴ്ചയോടെ ക്രിസ്തു ശിഷ്യരോട് പറഞ്ഞു. അപ്പോൾ അപ്പോസ്തോലന്മാരിൽ മുതിർന്നവനായ പത്രോസ് "ഗുരുവേ, അങ്ങയ്ക്ക് അങ്ങനെ സംഭവിക്കരുതേ" എന്ന് പറഞ്ഞ് യേശു ഏറ്റെടുത്ത ത്യാഗപൂർണ്ണമായ ജീവിത ദൗത്യത്തിൽനിന്ന് തന്നെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. അപ്പോൾ, "സാത്താനെ, നീ എന്റെ പുറകിൽ പോകുക" എന്നാണ് പ്രിയ ശിഷ്യനോട് ക്രിസ്തു പറഞ്ഞത്.

യൂദയുടെ മോഹഭംഗം

ഒരു വ്യാഖ്യാനമനുസരിച്ച് ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത ശിഷ്യൻ യൂദാ ഒരു തീവ്ര ദേശീയവാദി ആയിരുന്നു. റോമാ ചക്രവർത്തിയുടെ അധികാരത്തിൻ കീഴിൽ സാമന്തരായി കഴിഞ്ഞുകൂടിയിരുന്ന യൂദന്മാർ സ്വയംഭരണാവകാശവും പൂർണ്ണ സ്വാതന്ത്ര്യവും ലഭിക്കണമെന്ന് പൊതുവെ ആഗ്രഹിച്ചവരായിരുന്നു. അവരിൽത്തന്നെ കുറേ പേർ തീവ്രവാദികളായി ആയുധവും അക്രമവും ഉപയോഗിച്ച് സ്വാതന്ത്ര്യം നേടണമെന്ന് വാദിച്ചിരുന്നു. അവരിലൊരാളായിരുന്ന ക്രിസ്തുശിഷ്യനായി തീർന്ന യൂദാ എന്നൊരു പാരമ്പര്യമുണ്ട്. ഗലീലിയിലെ നസ്റേത്തുകാരൻ യേശു എന്ന ചെറുപ്പക്കാരന്റെ ജ്വലിക്കുന്ന കണ്ണുകളും ആധികാരികമായ വാക്കുകളും അത്ഭുതസിദ്ധികളും ബഹുജനങ്ങൾക്കിടയിൽ ലഭിച്ച സ്വീകരണവും യൂദായെ സ്വാധീനിച്ചുകാണും. മാത്രവുമല്ല, യേശു തന്റെ പ്രബോധങ്ങളിലെല്ലാം താൻ സമീപിക്കാനിരിക്കുന്ന ഒരു പുതിയ രാജ്യവ്യവസ്ഥയെക്കുറിച്ച് നിരന്തരം സൂചന നൽകുകയും ചെയ്തു. യൂദയും കൂട്ടരും ഇതൊരു രാഷ്ട്രീയ മാനിഫെസ്റ്റോ ആയി കണക്കാക്കുകയും സർവ്വാധിപതിയായ കൈസറുടെ സിംഹാസനം മറിച്ചിട്ട് യൂദന്മാരുടെ പുതിയ സാമ്രാജ്യം സ്ഥാപിക്കുകയാണ് നസ്രായനായ ഈ യുവാവിന്റെ ലക്ഷ്യം എന്ന് ധരിക്കുകയും ചെയ്തുകാണും. റോമാ ചക്രവർത്തിക്ക് കപട സ്തുതിപാടിക്കൊണ്ട് തങ്ങളുടെ അനീതികൾക്ക് നീതികരണം തേടിയിരുന്ന യഹൂദപ്രമാണിമാരേയും, പുരോഹിത വൃന്ദത്തേയും അടിമുടി വിമർശിച്ച ക്രിസ്തു തീവ്രവാദികൾക്ക് വീരപുരുഷനായതിൽ അത്ഭുതമില്ല. പക്ഷേ, എന്റെ രാജ്യം ഐഹികമല്ല എന്ന് ആവർത്തിച്ചുകൊണ്ടിരുന്ന യേശുവിന്റെ വാക്കുകൾ അവർ അവഗണിച്ചു.

ക്രിസ്തുവിന്റെ അന്ത്യത്തോടടുത്ത് യേശു വിശുദ്ധ നഗരമായ ജറുസലേമിലേക്ക് നാടകീയമായ ഒരു ജൈത്രയാത്ര നടത്തുന്നുണ്ട്. യേശു കയറിയത് പടക്കുതിരയുടെ മേലല്ല, ഒരു പാവം കഴുതയുടെ പുറത്തായിരുന്നു എന്നത് രാഷ്ട്രീയ സ്വപ്നം വെച്ചുപുലർത്തിയ തീവ്രവാദികളെ നിരാശപ്പെടുത്തിക്കാണും. ദൈവപുത്രന് ഓശാന പാടിയത് തീർത്തും ദുർബ്ബലരായ കൊച്ചുകുട്ടികളായിരുന്നു. വെറും സാധാരണക്കാരായ മനുഷ്യർ വഴിയിൽ കണ്ട ഒലിവുമരത്തിന്റെ ചില്ലകളും ഈന്തപ്പനയുടെ ഓലകളും എടുത്താണ് പുതിയ രാജാവിനെ എതിരേറ്റത്.

ഇതിന്റെയെല്ലാം അവസാനം ഗത്സമനയിലെ ഒലിവുതോട്ടത്തിൽ പ്രാർത്ഥിക്കാനെത്തിയ യേശുവിനെ പിടിച്ചുകെട്ടിക്കൊണ്ടു പോകാനെത്തിയ ദേവാലയ ഭടന്മാർക്ക് ആളു തെറ്റിപ്പോകാതിരിക്കാൻ തന്റെ ഗുരുവിനെ ചുംബിച്ച് കാണിച്ചുകൊടുക്കുകയും ചെയ്തു. ഗുരു അത്ഭുത ശക്തികൊണ്ട് അവരിൽ നിന്ന് കുതറിമാറി രക്ഷപ്പെട്ട് തന്റെ സാമ്രാജ്യം സ്ഥാപിക്കുമെന്ന് ഒരുപക്ഷേ, യൂദാ വിചാരിച്ചുകാണും. പക്ഷേ, പിന്നീട് റോമൻ ഗവർണ്ണറായ പിലാത്തോസിന്റെ ന്യായപീഠത്തിന് മുന്നിൽ കൈകൾ ബന്ധിക്കപ്പെട്ട് അടിയും തുപ്പലുമേറ്റ് നിന്ദിതനും പീഡിതനുമായി യേശു നിന്നപ്പോൾ രാഷ്ട്രീയ മോഹങ്ങൾ വച്ചുപുലർത്തിയവർക്ക് ഇച്ഛാഭംഗം പൂർണ്ണമായി. പുരോഹിതന്മാർ തന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കുന്നതിന് കോഴയായി കൊടുത്ത മുപ്പത് വെള്ളിക്കാശ് ജറുസലേം ദേവാലയത്തിലേക്ക് വലിച്ചെറിഞ്ഞ് യൂദാ പോയി തൂങ്ങിമരിച്ചു.

അധികാരത്തിന്റെ അപനിർമ്മാണം

ക്രിസ്തു കുരിശുമരണം ഏൽക്കുന്നതിന് മുൻപ് ശിഷ്യന്മാരോടൊപ്പം നടത്തിയ പെസഹാ ഭക്ഷണ സമയത്താണ്, ഒരു സേവകനെപ്പോലെ ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നത്.



» കൊച്ചിയിൽ നടന്ന കന്യാസ്ത്രീകളുടെ സമരം

നാടകീയമായ രീതിയിൽ ലൗകികാധികാര വ്യവസ്ഥയെ അട്ടിമറിക്കുകയായിരുന്നു ക്രിസ്തു. ഗുരു ഒരിക്കലും ശിഷ്യന്മാരുടെ കാലുകൾ കഴുകാറില്ല, തിരിച്ചാണല്ലോ എല്ലായിടത്തും. ആക്ഷരികമായി അങ്ങനെ കാൽ കഴുകുകയല്ല, മനോഭാവത്തിൽ മാറ്റം വരുത്തുകയായിരുന്നു അതിന്റെ ലക്ഷ്യം. എങ്കിലും പിൽക്കാലത്ത് ക്രിസ്തീയ സഭകൾ പലയിടത്തും അനേക ലക്ഷങ്ങൾ ചെലവിട്ട് ആഡംബരപൂർണ്ണമായ ചടങ്ങായി ഇത് അനുകരിക്കുന്നു. ഈ അനുഷ്ഠാനത്തിന്റെ അർത്ഥശൂന്യതകൊണ്ടാവണം, ഫ്രാൻസിസ് മാർപ്പാപ്പാ അഗതികളേയും ഇതര മതസ്ഥരേയും അഭയാർത്ഥിയായ സ്ത്രീയേയും ഇരുത്തി അവരുടെ കാലുകൾ കഴുകാൻ മുതിർന്നത്. യഥാർത്ഥ ക്രിസ്തീയ പാരമ്പര്യം വീണ്ടെടുക്കാനാണ് അദ്ദേഹം ശ്രമിച്ചതെങ്കിലും അത് എല്ലാ സഭാധികാരികളും സ്വീകരിച്ചില്ല. അദ്ദേഹത്തെപ്പോലെ അറിയപ്പെട്ടവരല്ലെങ്കിലും, എത്രയോ മെത്രാന്മാരും വൈദികരും സന്യസ്തരും യാതൊരു അധികാര മോഹവുമില്ലാതെ ക്രിസ്തുവിന്റെ ഉത്തമ അനുയായികളായി ത്യാഗപൂർവ്വം മനുഷ്യസേവനം നിർവ്വഹിക്കുന്നുണ്ട് എന്ന് വിശ്വാസികൾക്കറിയാം. അതാണ് അവരുടെ സമാധാനവും ഭാവിയെക്കുറിച്ചുള്ള പ്രത്യാശയും.

ദൈവരാജ്യത്തിന്റെ ഇടം

സാധാരണ ജനങ്ങൾ പ്രതീക്ഷിച്ചതും ക്രിസ്തു പൂർണ്ണമായി നിരസിച്ചതുമായ ഒരു ഭൗതിക, രാഷ്ട്രീയ സാമ്രാജ്യ വ്യവസ്ഥയല്ല ക്രിസ്തീയ സഭയുടെ അടിസ്ഥാനം എന്ന് വ്യക്തമായി. ദൈവരാജ്യത്തെക്കുറിച്ച് നിരന്തരം പഠിപ്പിച്ച ക്രിസ്തു അതിനെ ഒരു പരലോക വ്യവസ്ഥ മാത്രമായിട്ടല്ല കണ്ടത്. ദൈവരാജ്യം നിങ്ങൾക്കുള്ളിലുണ്ട്/നിങ്ങൾക്കിടയിലാണ് എന്ന് ക്രിസ്തു പറഞ്ഞത് സത്യവും നീതിയും സാഹോദര്യവും സമത്വവും സമാധാനവും നിലനിൽക്കുന്ന ഒരു ഇടത്തെക്കുറിച്ചായിരുന്നു. ഈ ലോകത്തിന്റെ ഭൗതിക വ്യവസ്ഥയേയും അതിന്റെ മാനദണ്ഡങ്ങളേയും ചോദ്യം ചെയ്യുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒന്നായിട്ടാണ് ക്രിസ്തു ദൈവരാജ്യ വ്യവസ്ഥയെ അവതരിപ്പിച്ചത്.

ത്രിതല അധികാര വ്യവസ്ഥ

ക്രമേണ ക്രിസ്തീയ സഭ പല സ്ഥലങ്ങളിലും രൂപപ്പെട്ട് തുടങ്ങിയപ്പോൾ അതിന്റെ അനുദിന ഭരണത്തിലും വിശ്വാസത്തിന്റെ സംരക്ഷണത്തിനും ചില മിനിമം ഘടനകൾ വേണ്ടിവന്നു. അങ്ങനെയാണ് ഓരോ പ്രദേശത്തുമുള്ള ക്രിസ്തീയ സഭകൾക്ക് എപ്പിസ്ക്കോപ്പാ അഥവാ ബിഷപ്പ് (ആക്ഷരികാർത്ഥത്തിൽ 'മേൽനോട്ടക്കാരൻ') പ്രസ്ബിറ്റർ (സുറിയാനിയിൽ കശ്ശീശാ അഥവാ മൂപ്പൻ), ഡീക്കൻ (സുറിയാനിയിൽ ശെമ്മാശൻ അഥവാ ശുശ്രൂഷകൻ) എന്ന ത്രിതല ഭരണസംവിധാനം ഉണ്ടാകുന്നത്.

ഇപ്പോഴും പുരാതന സഭകളിൽ നിലനിൽക്കുന്ന ഈ വ്യവസ്ഥയെക്കുറിച്ച് അൽപ്പം പറയേണ്ടതുണ്ട്. ക്രിസ്തുവിൽ നിന്ന് ശിഷ്യന്മാരായ അപ്പോസ്തോലന്മാർക്ക് ലഭിച്ച അധികാരമാണ് ബിഷപ്പിലൂടെ താഴേക്ക് കൈമാറുന്നത്. ഈ അധികാരം പ്രഥമമായും അജപരിപാലന ശുശ്രൂഷയ്ക്കു (Pastoral Ministry) വേണ്ടിയാണ്; തല്ലാനും കൊല്ലാനും ചൂഷണം ചെയ്യാനുമുള്ളതല്ല. നിരന്തരമായ സ്നേഹവും കരുതലും മൂലം വിശ്വാസികളെ ആത്മരക്ഷയിലേക്ക് നയിക്കുക എന്നതാണിവിടെ ലക്ഷ്യം. പ്രബോധനം, ശാസന, ശിക്ഷണം എന്നിവയൊക്കെ ഈ പ്രക്രിയയുടെ ഭാഗമായി വരാം. മുൻപറഞ്ഞ മൂന്ന് തലത്തിൽപ്പെട്ട അധികാര സ്ഥാനങ്ങളും ക്രിസ്തീയ സഭ എന്ന വിശ്വാസികളുടെ സമൂഹത്തിൽനിന്ന് ഉണ്ടാവേണ്ടതാണ്. സമൂഹത്തിന്റെ പ്രാർത്ഥനാപൂർണ്ണമായ തെരഞ്ഞെടുപ്പും ദൈവാത്മാവിന്റെ ആവാസവും പ്രചോദനവും മൂലം പട്ടം ലഭിക്കുന്നവരാണ് ഇവർ. അതുകൊണ്ട് വിശ്വാസ സമൂഹത്തിന്റെ കെട്ടുപണി, സുവിശേഷ പ്രഘോഷണം തുടങ്ങിയവയാണ് വൈദിക ശ്രേണിയുടെ സുപ്രധാനമായ ധർമ്മം. ഈ ധർമ്മം ഉചിതമായി അനുഷ്ഠിക്കാത്തവരെ സ്ഥാനത്തു നിന്നും നീക്കം ചെയ്യുവാനുള്ള സംവിധാനങ്ങളും ഈ സമൂഹത്തിനുണ്ട്. ഈ സ്ഥാനികൾക്ക് ലഭിക്കുന്ന അപ്പോസ്തോലിക അധികാരം വിശ്വാസ സമൂഹത്തിനുള്ളിലും ആ സമൂഹത്തിന് വേണ്ടിയുമാണ്.



ആധുനിക കാലത്ത് വികസിച്ച ജനാധിപത്യ സംവിധാനത്തിന്റെ പല ഘടകങ്ങളും ആദ്യകാല ക്രിസ്തീയ സഭാഭരണ സംവിധാനത്തിൽ കാണാവുന്നതാണ്. ഇപ്പോഴും പൗരസ്ത്യ സഭകളിൽ എപ്പിസ്ക്കോപ്പൽ സംവിധാനത്തിന്റെ അടിസ്ഥാനം ജനങ്ങളുടെ സമ്മതവും തെരഞ്ഞെടുപ്പും സ്വീകരണവുമാണ്.

യോഗ്യൻ, അയോഗ്യൻ

ഓർത്തഡോക്സ് സഭകളിൽ ഒരു ബിഷപ്പിന് പട്ടം കൊടുക്കുമ്പോൾ ജനങ്ങൾ ഉറക്കെ 'ഓക്സിയോസ്' എന്ന് വിളിച്ചുപറയുന്ന രീതിയുണ്ട്. ഗ്രീക്കിൽ നിന്ന് സുറിയാനിയിൽ വന്ന വാക്കിന് യോഗ്യൻ എന്നർത്ഥം. പട്ടമേൽക്കുന്ന വ്യക്തി ആ സ്ഥാനത്തിന് യോഗ്യനാണെന്ന് സാക്ഷിക്കുന്നു എന്നാണ് വിവക്ഷ. സഭയുടെ കാനോൻ നിയമം അനുസരിച്ച് ഇങ്ങനെ ജനങ്ങളുടെ തെരഞ്ഞെടുപ്പും സ്വീകരണവും ഇല്ലെങ്കിൽ പട്ടം കൊടുക്കുന്ന നടപടി നിയമരഹിതവും അസാധുവുമാണ്. അതുപോലെ തന്നെ അങ്ങനെ പട്ടം ലഭിക്കുന്ന വ്യക്തി ഭാവിയിൽ ക്രിസ്തീയ മൂല്യങ്ങൾക്കും വൈദികധർമ്മത്തിനും ചേരാത്ത പ്രവൃത്തികൾ നടത്തിയതായി തെളിയിക്കപ്പെട്ടാൽ അയാളെ 'അനാക്സിയോസ്' (അയോഗ്യൻ) എന്ന് പറഞ്ഞ് തള്ളാനും സഭയ്ക്ക് അധികാരമുണ്ട്. ചുരുക്കത്തിൽ ക്രിസ്തീയ അധികാരം ഏതെങ്കിലും ഒരു വ്യക്തിയിൽ, അയാൾ എത്ര ഉന്നതനായാലും ഒതുക്കപ്പെടുന്നില്ല. എല്ലാ വൈദിക സ്ഥാനികളും സഭാ സമൂഹത്തിലെ അംഗങ്ങളും അതിന് വിധേയരുമാണ്. ഫ്രാൻസിസ് മാർപ്പാപ്പാ ഈയിടെ പ്രസിദ്ധപ്പെടുത്തിയ 'ദൈവജനത്തിന് ഒരു കത്ത്' എന്ന രേഖയിൽ ഇത് എടുത്തുപറയുന്നുണ്ട്.

അത്മായരെന്ന കുഞ്ഞാടുകൾ

പിൽക്കാലത്തുണ്ടായ ഒരു വലിയ മാറ്റം സഭാ സമൂഹത്തിൽ വൈദികരും അൽമായരുമായുള്ള വേർതിരിവാണ്. വൈദികരുടെ അജപാലനാധികാരം ക്രമേണ ഭരണാധികാരമായി. സമ്പത്തും സ്ഥാപനശേഷിയും വർദ്ധിച്ചപ്പോൾ ഈ അധികാരം കൂടുതൽ ലൗകിക മാതൃകയിൽ ആവുകയും ചിലപ്പോൾ ലൗകിക ഭരണാധികാരികളെക്കാൾ വൈദിക നേതാക്കൾ അധികാരപ്രമത്തരാകുകയും ചെയ്തു. പഴയ റോമാ സാമ്രാജ്യത്തിന്റെ അതിരുകൾക്കുള്ളിൽ വികസിച്ച ക്രിസ്തീയ സഭ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റോമാ കൈസറായിരുന്ന കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ക്രിസ്തീയ വിശ്വാസ സ്വീകരണത്തോടെ രാജകീയ സഭയായി മാറി. പിൽക്കാലത്ത് റോം കേന്ദ്രമാക്കിയ കത്തോലിക്കാ സഭയും റോമാ സാമ്രാജ്യത്തിന്റെ പുതിയ തലസ്ഥാനമായ കോൺസ്റ്റാൻറിനോപ്പിൾ (ബിസാന്റിയം എന്നു വിളിക്കപ്പെട്ടിരുന്ന ആധുനിക ഇസ്റ്റാംബൂൾ) കേന്ദ്രമാക്കിയ ഓർത്തഡോക്സ് സഭയും സാമ്രാജ്യ വ്യവസ്ഥയുടെ അധികാരഘടനകളേയും സ്ഥാനമാനങ്ങളേയും അനുകരിച്ചു തുടങ്ങി. ലത്തീൻ ഭാഷാ പാരമ്പര്യത്തിലുള്ള റോമൻ സഭയും ഗ്രീക്ക് ഭാഷാ പാരമ്പര്യത്തിലുള്ള ഓർത്തഡോക്സ് സഭയും കൂടാതെ സാമ്രാജ്യത്തിന്റെ കിഴക്കേ അതിരിലുള്ള സുറിയാനി സഭകളും ഈജിപ്തിലെ കോപ്റ്റിക്ക് സഭയും ആദ്യകാലത്ത് പ്രബലമായിരുന്നു. ആദ്യ നൂറ്റാണ്ടുകളിൽത്തന്നെ റോമാ സാമ്രാജ്യത്തിന്റെ പുറത്ത് എത്യോപ്യാ, ഇന്ത്യ, നൂബിയ, അർമീനിയ, ജോർജിയ, പേർഷ്യയിലെ മെസപ്പത്തോമിയ തുടങ്ങിയ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലും ക്രിസ്തീയ സഭകൾ സ്ഥാപിതമായി എന്നത് വിസ്മരിച്ചുകൂടാ. എന്നാൽ പല കാരണങ്ങൾകൊണ്ട് യൂറോപ്യൻ രാജ്യങ്ങളിലെ സഭകളാണ് ലോകചരിത്രത്തിൽ കൂടുതൽ അറിയപ്പെട്ടതും സ്വാധീനം ചെലുത്തിയതും. റോമിലും മറ്റുമുണ്ടായ വൈദിക അധികാര വ്യവസ്ഥകൾ മറ്റ് സഭകളിലേക്കും വ്യാപിച്ചതായി കാണാം. യൂറോപ്യൻ സഭകളുടെ സാമ്രാജ്യത്വ ശേഷിയും കൊളോണിയൽ പ്രസ്ഥാനവും മറ്റു പല ഘടകങ്ങളും അതിന് അനുകൂലമായി.

ഇരുവാൾ സിദ്ധാന്തം

പാശ്ചാത്യ റോമാ സാമ്രാജ്യത്തിൽ ചക്രവർത്തിഭരണം ദുർബ്ബലമായപ്പോൾ റോമിലെ പാത്രിയർക്കീസന്മാരായിരുന്ന മാർപ്പാപ്പാമാർ ആത്മീയാധികാരത്തിന്റേയും ലൗകികാധികാരത്തിന്റേയും 'ഇരുവാൾ സിദ്ധാന്തം' അവകാശപ്പെടുകയും യൂറോപ്പിലെ നാട്ടുരാജാക്കന്മാരെ തങ്ങളുടെ വരുതിക്ക് നിർത്തുവാൻ ശ്രമിക്കുകയും ചെയ്തു. അഞ്ചാം നൂറ്റാണ്ടിലെങ്കിലും തുടങ്ങിയ ഈ റോമൻ അധികാര വ്യവസ്ഥ പത്തൊൻപതാം നൂറ്റാണ്ടു വരെയും യൂറോപ്പിന്റെ പല സ്ഥലങ്ങളിലും

നിലനിന്നു. നെപ്പോളിയൻ ബോണാപ്പാർട്ടിന്റെ കിരീടധാരണം ശ്രദ്ധേയമാണ്. 1804ൽ നെപ്പോളിയൻ ഫ്രെഞ്ചു രാജാവായപ്പോൾ പഴയ പതിവനുസരിച്ച് പീയുസ് ഏഴാമൻ മാർപ്പാപ്പാ പാരീസിലെ നോത്രദാം കത്തീഡ്രലിലെത്തി. ആഡംബര പൂർണ്ണമായ രാജകീയ സദസ്സിൽ നെപ്പോളിയൻ മാർപ്പാപ്പയുടെ മുൻപിൽ മുട്ടുകുത്തുകയും മാർപ്പാപ്പാ അദ്ദേഹത്തെ കിരീടം അണിയിക്കുകയും ചെയ്യും എന്നെല്ലാവരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ വളരെ നാടകീയമായി നൊപ്പോളിയൻ നടന്നുവന്ന് മാർപ്പാപ്പയുടെ കയ്യിൽനിന്ന് കിരീടം എടുക്കുകയും അവിടെ കൂടിയിരുന്ന വൻ സദസ്സിന് നേരെ തിരിഞ്ഞ് കിരീടം സ്വയം അണിയുകയും തന്റെ ഭാര്യയെ കിരീടം ധരിപ്പിച്ച് രാജ്ഞിയായി വാഴിക്കുകയും ചെയ്തു. ആയിരത്തിലേറെ വർഷങ്ങൾ നീണ്ട മാർപ്പാപ്പയുടെ വൈദിക അധികാരത്തിനേറ്റ കനത്ത അടിയായിരുന്നു അത്.

കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കിയ ബയിസന്റയിൻ ഓർത്തഡോക്സ് പാരമ്പര്യത്തിലും സ്ഥിതി മറ്റൊന്നായിരുന്നില്ല. രാജകീയ മതം എന്ന നിലയിൽ അതിന്റെ മുതൽപിടിക്കാരായ പല മെത്രാന്മാരും വൈദികരും സമ്പത്തും സ്ഥാനമാനങ്ങളും തേടുന്നവരായി. എന്നാൽ 1453-ൽ ഓട്ടമൻ തുർക്കികൾ മഹാനഗരമായ കോൺസ്റ്റാന്റിനോപ്പ്ൾ പിടിച്ചെടുത്തതോടെ അവിടെ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ അധികാരശേഷി ഇല്ലാതെയായി. പശ്ചിമേഷ്യയിൽ ഒരിക്കൽ പ്രബലമായിരുന്ന ക്രിസ്തീയ സഭകൾ മിക്കതും ഇസ്‌ലാമിക ഭരണകൂടങ്ങൾക്ക് ഇന്നും വിധേയമായി നിൽക്കുന്നു. ഇറാഖ്, സിറിയാ എന്നീ രാജ്യങ്ങളിലൊക്കെ സഭകൾ നാമമാത്രമെന്ന് പറയാം.

സന്ന്യാസത്തിന്റെ പ്രതിഷേധം

ഈജിപ്തിലെ മരുഭൂമിയിലും പലസ്തീൻ പ്രദേശങ്ങളിലും മൂന്നാം നൂറ്റാണ്ടിൽ ക്രിസ്തീയ സന്ന്യാസപ്രസ്ഥാനം ആരംഭിച്ചത്, ലൗകികാധികാരങ്ങളിൽ അഭിരമിച്ചു തുടങ്ങിയ സഭാ വ്യവസ്ഥയോടുള്ള പ്രതിഷേധം ആയിട്ട് കൂടിയായിരുന്നു. ഒരു ബിഷപ്പിനെ കണ്ടാൽ എത്രയും വേഗം ഓടി മാറിക്കൊള്ളണം എന്ന് ശിഷ്യന്മാരെ പഠിപ്പിച്ച സന്ന്യാസിഗുരുക്കന്മാരും ഉണ്ടായിരുന്നു. മറ്റൊന്നുമല്ല, ബിഷപ്പിന്റെ പദവിയും സ്ഥാനമാനങ്ങളും യുവ സന്ന്യാസിമാരെ അവരുടെ സമർപ്പണ ജീവിതത്തിൽനിന്ന് വഴിതെറ്റിക്കാനിടയുണ്ട് എന്നതായിരുന്നു ഭയം.

വിശുദ്ധ അന്തോണിയോസ്, വിശുദ്ധ അപ്രേം തുടങ്ങിയവരെപ്പോലെ പിൽക്കാലത്ത് പ്രശസ്തരായി തീർന്ന സന്ന്യാസി ശ്രേഷ്ഠന്മാർ മിക്കവരും വൈദികസ്ഥാനികളല്ലായിരുന്നു. പ്രാർത്ഥനയിലും തപോനിഷ്ഠയിലും കാരുണ്യപ്രവൃത്തികളിലും വേരൂന്നിയ ജീവിതശൈലിയിലൂടെയാണ് അവർ ക്രിസ്തുമാർഗ്ഗം സാക്ഷാൽക്കരിക്കാൻ ശ്രമിച്ചത്. ജനങ്ങൾക്ക് വലിയ വിശ്വാസവും ആശ്രയവുമായിരുന്നു അങ്ങനെയുള്ളവരിൽ. അതുകൊണ്ട് പൗരസ്ത്യ സഭാപാരമ്പര്യത്തിൽ ബിഷപ്പിനെ തെരഞ്ഞെടുക്കേണ്ടത് സന്ന്യാസിമാരിൽ നിന്നാവണം എന്ന രീതി പിൽക്കാലത്തുണ്ടായി. ഇപ്പോഴും അന്ത്യോക്യൻ സുറിയാനി സഭകളിൽ ബിഷപ്പ് ധരിക്കുന്ന ശിരോവസ്ത്രം (13 കുരിശടയാളങ്ങൾ തയ്യിപ്പിച്ച് ചേർത്ത മസനപ്സ) സന്ന്യാസിയുടെ വേഷത്തിന്റെ ഭാഗമാണ്. ഒരാൾ മെത്രാനായാലും അയാൾ ജീവിതനിഷ്ഠകളിൽ സന്ന്യാസിയുടെ പാരമ്പര്യം നിലനിർത്തണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

അധികാരമല്ല, അധികാരത്തിന്റെ ജീർണ്ണതയാണ് സമൂഹത്തിന്റേയും ക്രിസ്തീയ സഭകളുടേയും പ്രശ്നം. യൂദമതാദ്ധ്യക്ഷന്മാരുടെ നോട്ടത്തിൽ യേശു പഠിപ്പില്ലാത്തവനും പൗരോഹിത്യ അധികാരമില്ലാത്തവനുമായിരുന്നു. എങ്കിലും അവന്റെ പ്രബോധനങ്ങൾ എത്ര ആധികാരികമാണ് എന്നു തിരിച്ചറിഞ്ഞ ജനങ്ങൾ അത്ഭുതം കൂറിയതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു. ജീർണ്ണിച്ചുപോയ മതാധികാരത്തെയാണ് ക്രിസ്തു സാഹസികമായി നേരിട്ടത്. തന്റെ അമ്മ ഉൾപ്പെടെയുള്ള സ്ത്രീകളോട് യേശു പ്രകടിപ്പിച്ച ആദരപൂർവ്വമായ സ്നേഹസൗഹൃദങ്ങളും കാരുണ്യവും കുഞ്ഞുങ്ങളോട് പ്രദർശിപ്പിച്ച ആർദ്രമായ വാൽസല്യവും കരുതലും പിൽക്കാലത്ത് പല സഭകളുടേയും ഔദ്യോഗിക ഘടനകളിൽനിന്ന് മിക്കവാറും അപ്രത്യക്ഷമായി. എന്നാൽ, അതേ സമയം, എത്രയോ ആയിരം വൈദികരും സന്ന്യസ്തരും അധികാരത്തിന്റെ വെച്ചുകെട്ടുകളില്ലാതെ ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായി എളിമയോടെ, നമ്മുടെ ലോകത്തെ പ്രകാശിപ്പിച്ചു കൊണ്ടിരിക്കുന്നു എന്നതും വിസ്മരിച്ചുകൂടാ. ■

Always with quality books
GREEN BOOKS
പുതിയ പുസ്തകം


മാവോ സേതുങ്
മാവോ സേതുങ്ങിന്റെ
കവിതകൾ
മലകളെ, കുന്നുകളെ, നദികളെ, തടാകങ്ങളെ, ചുരം കടന്നു പോകുന്ന മലമ്പാതകളെ വ്യത്യസ്തമായ ദേശപ്രകൃതികളെ പാറിപ്പറക്കുന്ന ചെങ്കൊടിയെ ലോംഗ് മാർച്ചിന്റെ പാദമുദ്രണങ്ങളേയും ചേർത്തുവെയ്ക്കുന്ന കവിതകൾ.
ഈ കവിതകൾ വീണ്ടും വീണ്ടും വായിക്കുമ്പോൾ നഷ്ടപ്പെട്ട വിപ്ലവ സ്വപ്നങ്ങൾ ഒരു അനുഭൂതിയായി വായനക്കാരനിലേക്ക് തിരിച്ചെത്തുന്നു.
വിവർത്തനം: വി. രവികുമാർ
കവിത - വില: 80
info@greenbooksindia.com
തൃശൂർ 0487 - 2422515, 2381066, 0487-2381039
പാലക്കാട് 0491 - 2546162
കണ്ണൂർ 0497-2763038
കോഴിക്കോട് 0495-4854662
തിരുവനന്തപുരം 0471-2335301
Online Bookstore
www.greenbooksindia.com
GB/14225